(സി) നൽകുന്നുണ്ട്. ഈ ആവശ്യത്തിന് വേണ്ടി എം.പി.സെൽ പ്രവർത്തിച്ച് വരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനം കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്ന പദ്ധതി കളുടെ പകർപ്പ് ലെയ്സൺ വിഭാഗത്തിനു ലഭിക്കാറുണ്ട്. അതിലൂടെ കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ടെത്തി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമയബന്ധിതമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ പദ്ധതികളുടെ സ്ഥിതി സംസ്ഥാന സർക്കാരിനെ അറിയിക്കാറുമുണ്ട്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയലുകളിൻമേൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിന് നടപടി

5 (4335) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പല പ്രധാന ഫയലുകളും വേണ്ട വിധത്തിൽ നീങ്ങുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീ കരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എം.എൽ.എ. മാരും അവരുടെ പി.എ. മാരും വിവരങ്ങൾ അന്വേഷിക്കുമ്പോൾ പല ഉദ്യോഗസ്ഥരും വ്യക്തമായ മറുപടി നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എം.എൽ.എ. മാർ മുഖേന നൽകുന്ന പരാതികൾക്ക് പല വകുപ്പ് ഉദ്യോഗസ്ഥരും അതാത് എം.എൽ.എ. മാർക്ക് മറുപടി നൽകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പ്രധാന ഫയലുകൾ ഉൾപ്പെടെ എല്ലാ ഫയലുകളിലും കാലതാമസം കൂടാതെ തീരുമാനങ്ങൾ എടുത്ത് തീർപ്പ് കൽപ്പിക്കുന്നതിന് കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിൽ വ്യക്തമായ നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഫയൽനീക്കം ശക്തിപ്പെടുത്തുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കാലാകാലങ്ങളിൽ വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി & ഡി) എം.എൽ.എ.മാരും പാർലമെന്റ് അംഗങ്ങളും മന്ത്രിമാർക്കും വകുപ്പ് തലവൻമാർക്കും നൽകുന്ന നിവേദനങ്ങൾക്ക് മറുപടി നൽകുന്നതു സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ചില വകുപ്പ് മേധാവികൾ വീഴ്ച വരുത്തുന്ന തായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച സർക്കുലറിലെ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം കർശനമായി പാലിക്കുന്നതിന് 9-9-2002-ലെ 14834/Adv.C3/02/P&ARD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമെ 19-2-2005-ലെ 14948/Adv. C3/04/P&ARD നമ്പർ സർക്കുലറിൽ എം.എൽ.എ. മാരിൽനിന്നും പാർലമെന്റ് അംഗങ്ങളിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക് സുവ്യക്തവും ആദരപൂർവ്വവുമായ മറുപടി നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 8-4-2009-ലെ 16160/Adv. C3/08/P&ARD നമ്പൽ സർക്കുലർ പ്രകാരം എം.എൽ.എ. മാരിൽനിന്നും പാർലമെന്റ് അംഗങ്ങളിൽനിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകേണ്ടതാണെന്നും അങ്ങനെ ലഭിക്കുന്ന കത്തുകൾക്ക് ശ്രദ്ധാപൂർവ്വമായ പരിഗണന നൽകി അവയ്ക്ക് സത്വര മറുപടി നൽകേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ

6 (4336) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ഓരോ ജില്ലയിലും എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്നും ഇതുവരെ ഓരോ വർഷവുമുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം ഡിപ്പാർട്ടുമെന്റ് തിരിച്ചും വർഷം തിരിച്ചും വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർഷവും ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ എത്രപേർ പണമട യ്ക്കുന്നുണ്ടെന്നും ഓരോ വർഷവും കളക്ട് ചെയ്ത പണം എത്ര ലക്ഷം വീതമെന്നും വെളിപ്പെടുത്തുമോ ;

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യാറുണ്ടോ ; ഇതുവരെ എത്ര അവലോകന യോഗങ്ങൾ നടന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഫ്രണ്ട്സ് കേന്ദ്രങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ഓരോ ജില്ലയിലെയും ജീവനക്കാരുടെ എണ്ണം വർഷം തിരിച്ചും ഡിപ്പാർട്ട്മെന്റ് തിരിച്ചും അനുബന്ധം -1 ൽ കൊടുത്തിട്ടുണ്ട്. *

(ബി) ഓരോ വർഷവും ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ എത്രപേർ പണമടയ്ക്കുന്നുണ്ടെന്നും ഓരോ വർഷവും കളക്ട് ചെയ്ത തുകയുടെ വിവരവും അനുബന്ധം-2 ൽ കൊടുത്തിട്ടുണ്ട്. *

(സി) ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാറുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ കഴിഞ്ഞ വർഷം മൂന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly